# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>എസ്.സി.പി, ടി.എസ്.പി പദ്ധതികൾക്കുള്ള കേന്ദ്രധനസഹായം</u>

1007 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക ഘടക പദ്ധതി (എസ്.സി.പി) പട്ടികവർഗ്ഗ ഉപ പദ്ധതി (റ്റി.എസ്.പി) എന്നിവയ്ക്ക് 2011-12-ൽ കേന്ദ്ര സർക്കാർ വിവിധ വകുപ്പുകളിലായി നീക്കിവച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ നിന്നും സംസ്ഥാന സർക്കാരിന് കേന്ദ്രത്തിലെ വിവിധ വകുപ്പുകൾ വഴി ലഭിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനങ്ങൾക്ക് പ്രസ്തുത തുക അനുവദിക്കുന്നതിന് കേന്ദ്രസർക്കാർ സ്വീകരിച്ചുപോരുന്ന മാനദണ്ഡങ്ങളെന്താണെന്നും അതനുസരിച്ച് പരമാവധി തുക സംസ്ഥാനത്തിന് ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ 5 വർഷക്കാലം കേന്ദ്രാവിഷ്കൃതപദ്ധതികൾ പ്രകാരം ഈയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച തുകയും ചെലവഴിച്ച തുകയും പദ്ധതി തിരിച്ചുള്ള വാർഷിക കണക്ക് നൽകാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

2012-13 ബഡ്ജറ്റിൽ പട്ടികജാതി വികസന വകുപ്പിനു വകയിരുത്തിയ പദ്ധതി-പദ്ധതിയേതര തുക

1008 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ ഓരോ കണക്കിനത്തിലും വകയിരുത്തിയ പദ്ധതി- പദ്ധതിയേതര തുകയും ഇതുവരെയുള്ള ചെലവുവിവരപ്പട്ടികയും ലഭ്യമാക്കുമോ;

(ബി) 2012-2013 വർഷം പട്ടികജാതി വികസന വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും വകയിരുത്തിയ തുകയും ചെലവാക്കിയ തുകയും എത്രയാണെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

പട്ടികജാതി വികസന വകുപ്പിലെ പൂൾഡ് ഫണ്ട്,
മെഡിക്കൽകോളേജ്

1009 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസനവകുപ്പിലെ 2011-12, 2012-13 വർഷത്തെ പൂൾഡ് ഫണ്ട് എത്ര രൂപയാണ്; ഇതിൽ നിന്നും എത്ര തുക ഏതെല്ലാം ആവശ്യങ്ങൾക്കായി ഓരോ വർഷവും ചിലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പാലക്കാട് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് 2012-13 പൊതുബജറ്റിൽ എത്ര രൂപയാണ് നീക്കി വച്ചിട്ടുളളത്; പട്ടികജാതി വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) മെഡിക്കൽ കോളേജിന്റെ പൂർത്തീകരണത്തിന് എത്ര തുകയാണ് ഇപ്പോൾ വകുപ്പ് പ്രതീക്ഷിക്കുന്നത്; ഇതിൽ പട്ടികജാതി വികസനവകുപ്പിന്റെ വിഹിതമെത്രയാണ്; മറ്റേതെങ്കിലും മാർഗ്ഗത്തിൽ ധനസമാഹരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ?

(ഡി) മെഡിക്കൽ കോളേജ് പൂർണ്ണമായും ഗവൺമെന്റ് നിയന്ത്രണത്തിലാണോ; അതോ പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുളള സ്വാശ്രയ സ്ഥാപനമായാണോ നിലവിൽ വരിക; വിദ്യാർത്ഥി പ്രവേശനത്തിനുളള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഏത് അക്കാദമിക് വർഷം മുതൽ ക്ലാസുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്താമോ;

(ഇ) മെഡിക്കൽ കോളേജിലെ ജീവനക്കാർ പട്ടികജാതി വികസനവകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കുമോ; അതോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള സൗജന്യ ചികിത്സാ പദ്ധതിപ്രകാരം അനുവദിച്ച തുക

1010 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വിഭാഗക്കാർക്കുള്ള സൗജന്യ ചികിത്സാ പദ്ധതി പ്രകാരം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ധനസഹായം നൽകിയവരുടെ പട്ടിക, ജില്ല തിരിച്ച് നല്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>മനുഷ്യമലം ചുമക്കുന്ന തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ നടപടി</u>

1011 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യമലം ചുമക്കുന്നത് നിയമപരമായി ഏത് വർഷമാണ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തൊഴിലിൽ ഏർപ്പെട്ടിരുന്ന എല്ലാവർക്കും മറ്റ് തൊഴിൽ ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ജീവിക്കാൻ ആവശ്യമായ നല്ല തൊഴിൽ ലഭിക്കുവാൻ ആവശ്യമായ നടപടിയിലൂടെ അവരുടെ ജീവിത നിലവാരം മെച്ചപ്പെട്ടതായി പരിശോധിച്ചിട്ടുണ്ടോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ജോലി ലഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>മിശ്രവിവാഹിതർക്കുള്ള ധനസഹായം</u>

1012 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതർക്കുള്ള ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ളവരും എന്നാൽ അറിവില്ലായ്മ മൂലം യഥാസമയം അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ പോയവരുമായവർക്ക് മാപ്പപേക്ഷ സഹിതം അപേക്ഷ നൽകിയാൽ ധനസഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മിശ്രവിവാഹിതർക്കുള്ള ധനസഹായം എത്ര രൂപയാണെന്നും, അപേക്ഷ നൽകിയ വൈപ്പിൻ മണ്ഡലത്തിലെ എത്ര പേർക്ക് ഇനിയും തുക അനുവദിക്കുവാനുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

എസ്.സി , ഒ.ഇ.സി കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

1013 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.സി, ഒ.ഇ.സി കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പ്രോത്സാഹന പദ്ധതികളാണ് നിലവിൽ എസ്.സി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ബി) പാഠ്യേതര വിഷയങ്ങളിൽ മികവ് തെളിയിക്കുന്ന എസ്.സി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്ത് സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയിൽ കഴിയുന്ന പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികളുടെ പാഠ്യ- പാഠ്യേതര മേഖലകളുടെ സമഗ്രവളർച്ച ലക്ഷ്യമാക്കി പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്കുള്ള ലംപ്സം ഗ്രാന്റ്</u>

1014 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് എത്ര തുക വീതം ലംപ്സംഗ്രാന്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റിനത്തിൽ എത്ര തുക കുടിശ്ശികയുണ്ടെന്നും, പ്രസ്തുത കിടിശ്ശിക ഏതൊക്കെ കാലയളവിലേതാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് ഗ്രാന്റ് അനുവദിക്കുന്നതിന് നടപടി</u>

1015 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗീകൃത കോളേജുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് ബിരുദപഠനത്തിന് നൽകിയിരുന്ന ട്യൂഷൻ ഫീസ് ഗ്രാന്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) നിലവിൽ, ഒന്നും രണ്ടും വർഷ ബിരുദവിദ്യാർഥികൾക്ക് ഇത്തരം ഗ്രാന്റുകൾ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദൂരപഠന സമ്പ്രദായത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പാരലൽ കോളേജുകളിൽ ഫീസ് കൊടുക്കുന്നതിനായി ടൂഷൻ ഫീസ് ഗ്രാന്റ് നൽകുന്നതിന് നടപടിയെടുക്കുമോ;

(ഡി) എങ്കിൽ, കഴിഞ്ഞ രണ്ട് വർഷങ്ങളിലായി പ്രസ്തുത ഗ്രാന്റ് ലഭിക്കാത്ത മുഴുവൻ പട്ടികജാതി വിദ്യാർത്ഥികൾക്കും അത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള</u>
<u>ഐ. ടി.ഐ കൾ</u>

1016 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്കായി മാത്രം നിലവിൽ എത്ര ഐ. റ്റി. ഐ. കൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പഠിക്കുവാൻ മതിയായ കുട്ടികൾ ഉണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കാൻ പ്രത്യേക ശ്രദ്ധ നൽകി തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുമോ;

(ഡി) വിജയകരമായി പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് മതിയായ തൊഴിലവസരങ്ങൾ ഉറപ്പു വരുത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്കും ഭവനരഹിതർക്കും സഹായം</u>

1017 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിതരരും ഭവനരഹിതരും ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമിയും വീടും ലഭിക്കുന്നതിന് 2011-2012, 2012-2013 വർഷത്തെ ബജറ്റുകളിൽ എത്ര തുകയാണ് അനുവദിച്ചത് ; ഇതിൽ ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കുമോ ;

(സി) ഭൂരഹിതരായ ഒരു പട്ടികജാതി കുടുംബത്തിന് എത്ര സെന്റ് ഭൂമിയാണ് സർക്കാർ അനുവദിക്കുന്നത് ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പേർക്ക് ഇപ്രകാരം ഭൂമി നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) ഈ പദ്ധതി പ്രകാരം സർക്കാർ ഭൂമി കണ്ടെത്തി നൽകുകയാണോ, ഭൂമി വാങ്ങാൻ തുക നൽകുകയാണോ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ; തുകയാണ് നൽകുന്നതെങ്കിൽ ഈ തുക കൊണ്ട് ഭൂമി വാങ്ങിയെന്ന് സർക്കാർ ഉറപ്പുവരുത്തുന്നുണ്ടോ ;

(ഇ) ഇവർക്ക് വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് എത്ര തുകയാണ് അനുവദിക്കുന്നത് ; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് ഇപ്രകാരം തുക നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; ഈ തുക കൊണ്ട് വീട് നിർമ്മിക്കുന്നുവെന്ന് സർക്കാർ ഉറപ്പു വരുത്തുന്നുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിന് നടപടി

1018 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിതരുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ഭൂരഹിത പട്ടികജാതി പിന്നോക്ക വിഭാഗക്കാർക്ക് ഭൂമി

1019 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഭൂരഹിതരായ പട്ടികജാതിക്കാരും പിന്നോക്ക സമുദായക്കാരും ഉണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഭൂരഹിതരായ പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമി വിതരണം ചെയ്യുന്ന നടപടി എപ്പോൾ ആരംഭിക്കുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ഐ.എ.വൈ. പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിനു വേണ്ടി നിര്‍മ്മിച്ച വീടുകള്‍</u>

1020 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പ് വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങള്‍ മുഖേന ഐ.എ.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര വീടുകള്‍ നിര്‍മ്മിച്ചുവെന്ന് അറിയിക്കുമോ ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ഇതുവരെ പട്ടികജാതി വിഭാഗത്തിനായി എത്ര വീടുകള്‍ ഈ പദ്ധതി പ്രകാരം നിര്‍മ്മിക്കാന്‍ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി ജനവിഭാഗങ്ങള്‍ തിങ്ങിപ്പാര്‍ക്കുന്ന മേഖലകളില്‍ സൗജന്യ ചികിത്സയ്ക്കായി കമ്മ്യൂണിക് ക്ലിനിക്കുകള്‍</u>

1021 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും
വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി ജനവിഭാഗങ്ങള്‍ തിങ്ങിപ്പാര്‍ക്കുന്ന മേഖലകളില്‍ സൗജന്യ ചികിത്സയ്ക്കായി ഡോക്ടര്‍മാരുടെ സേവനം ലഭ്യമാക്കുന്നതിന് കമ്മ്യൂണിറ്റി ക്ലിനിക് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശം നല്‍കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കഴിഞ്ഞ ബഡ്ജറ്റില്‍ എത്ര തുകയാണ് വകയിരുത്തിയിരുന്നത്; എത്ര തുക ഈ ഇനത്തില്‍ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ചേലക്കര മണ്ഡലത്തിൽ എസ്. സി.പി ഫണ്ട്</u>
<u>വിനിയോഗിച്ചുള്ള കുടിവെള്ള പദ്ധതികൾ</u>

1022 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എസ്. സി.പി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കേണ്ട ഏതെല്ലാം കുടിവെള്ളപദ്ധതികളാണ് തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ആഫീസിൽ അംഗീകരിച്ച് സംസ്ഥാന വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദാംശങ്ങളടക്കം പറയാമോ;

(ബി) ഇവയിൽ ജില്ലാ നിലവാരത്തിലും സംസ്ഥാന നിലവാരത്തിലും ഭരണാനുമതി ലഭ്യമാക്കാവുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് പറയാമോ;

(സി) ഈ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഈ സാഹചര്യത്തിൽ പ്രത്യേക മുൻഗണനയോടെ ഈ കുടിവെള്ളപദ്ധതികൾക്ക് ഭരണാനുമതി നൽകി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി കുടിവെള്ളം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ സംവരണ നിയമനങ്ങള്‍</u>

1023 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, പി. കെ. ഗുരുദാസന്‍
,, ബാബു എം. പാലിശ്ശേരി
,, പി.റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളില്‍ നിന്നും സംവരണ നിയമനത്തെക്കുറിച്ച് പട്ടികജാതി-പട്ടികവര്‍ഗ്ഗ കമ്മീഷന്‍ അന്വേഷണം നടത്തിയിരുന്നോ; കണ്ടെത്തലിന്റെ വിശദാംശം നല്‍കുമോ;

(ബി) കേരള യൂണിവേഴ്സിറ്റിയില്‍ അദ്ധ്യാപക നിയമനത്തില്‍ സംവരണതത്വം അട്ടിമറിക്കപ്പെട്ടതിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ;

(സി) മറ്റു യൂണിവേഴ്സിറ്റികളിലേയും സ്വയംഭരണ സ്ഥാപനങ്ങളിലേയും അവസ്ഥയെക്കുറിച്ച് അന്വേഷണം നടത്താന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോര്‍പ്പറേഷന്റെ മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി</u>

1024 ശ്രീ. റ്റി. എന്‍. പ്രതാപന്‍
,, അന്‍വര്‍ സാദത്ത്
,, ആര്‍. സെല്‍വരാജ്
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ങ്ങള്‍ക്ക്
**പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോര്‍പ്പറേഷന്റെ മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘങ്ങളെ തെരഞ്ഞെടുക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) സന്നദ്ധ സംഘങ്ങളെ എംപാനല്‍ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതി കുടുംബങ്ങളെ സംബന്ധിച്ച സർവ്വേ</u>

1025 ശ്രീ. വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, ചിറ്റയം ഗോപകുമാർ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയും വീടും ഇല്ലാത്ത എത്ര പട്ടികജാതി കുടുംബങ്ങളുണ്ട്;

(ബി) ഭൂമി ഉണ്ടായിട്ടും വീടില്ലാത്ത എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർവ്വേയിലൂടെ കണ്ടെത്തിയിട്ടുള്ള വിവരങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത ഗ്രാമം</u>

1026

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികജാതി വികസന വകുപ്പ് സ്വയം പര്യാപ്ത ഗ്രാമമായി കോളനികളെ വികസിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കാസറഗോഡ് ജില്ലയിൽ ഏതൊക്കെ കോളനികളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) തെരഞ്ഞെടുത്ത കോളനികളുടെ വികസനത്തിനായി തുക അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

ആറ്റിങ്ങൽ മണ്ഡലത്തിലെ ഞായലിൽ കോളനിയെ സ്വയംപര്യാപ്ത
പട്ടികജാതി സങ്കേതമാക്കൽ

1027 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നിന്നും ശുപാർശ ചെയ്ത ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ ഞായലിൽ കോളനിയിൽ പ്രസ്തുതപദ്ധതി നടപ്പിൽ വരുത്തുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാനും പൂർത്തിയാക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്?

**കേരള നിയമസഭ**
**07.02.2013-ലെ മറുപടിക്ക്**

<u>നാട്ടിക നിയോജക മണ്ഡലത്തിലെപട്ടികജാതി പിന്നോക്ക കോളനികൾ</u>

1028 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജക മണ്ഡലത്തിൽ സർക്കാർ അംഗീകരിച്ച എത്ര പട്ടികജാതി പിന്നോക്ക കോളനികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളനികളുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര തുക ചെലവഴിച്ചു എന്ന് കോളനികൾ തിരിച്ച് വിവരം അറിയിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>തകഴി അംബേദ്കർ കോളനി</u>

1029 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തകഴി പഞ്ചായത്തിലെ അംബേദ്കർ കോളനി സ്വയം പര്യാപ്ത കോളനിയാക്കി മാറ്റുന്നതിന് സമർപ്പിച്ച പദ്ധതിയിൽ ഇത് വരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>കരിങ്കുളങ്ങര പട്ടികജാതി കോളനി നവീകരണം</u>

1030 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിൽപ്പെട്ട കരിങ്കുളങ്ങര പട്ടികജാതി കോളനി നവീകരണത്തിനായി അനുവദിച്ചിട്ടുള്ള 1 കോടി രൂപയുടെ പദ്ധതിയുടെ പ്രോജക്ട് പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രം സമയബന്ധിതമായി ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നൽകിയിട്ടും ആയതിന്മേൽ സമയബന്ധിതമായി പ്രസ്തുത ജില്ലാ ആഫീസർ നടപടി സ്വീകരിച്ചില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പട്ടികജാതി സമൂഹത്തിന്റെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ അട്ടിമറിയ്ക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന പരിവർത്തിത വികസന കോർപ്പറേഷൻ</u>

1031 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പരിവർത്തിത വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ, വിശദമാക്കുമോ;

(ബി) 2007-2008 മുതൽ 2010-2011 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത കോർപ്പറേഷൻ നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത കോർപ്പറേഷൻ വഴി എന്തെല്ലാം സാമ്പത്തിക സഹായങ്ങളും, വായ്പയും നൽകിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

2012-13 ബജറ്റിൽ പിന്നോക്ക സമുദായക്ഷേമ വകുപ്പിനു വകയിരുത്തിയ തുക

1032 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ബജറ്റിൽ പിന്നോക്ക സമുദായക്ഷേമ വകുപ്പിനു കീഴിൽ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും വകയിരുത്തിയ പദ്ധതി പദ്ധതിയേതര തുകയും ഇതുവരെയുള്ള ചെലവു വിവര പട്ടികയും ലഭ്യമാക്കുമോ;

(ബി) 2012-13 വർഷം പിന്നോക്ക സമുദായക്ഷേമ വകുപ്പിൽ അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനുംവകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ടൂറിസം പദ്ധതികൾക്കുള്ള അനുമതിയ്ക്കായി ഫാസ്റ്റ് ട്രാക്ക് സംവിധാനം</u>

1033 ശ്രീ. സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ
,, റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം പദ്ധതികൾക്കുള്ള അനുമതി നൽകുന്നതിനായി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ;

(സി) എന്ത് തുക വരുന്ന പദ്ധതികൾക്കാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

'ടേക്ക് എ ബ്രേക്ക' പദ്ധതി

1034 ശ്രീ. വി.ഡി.സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും **വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പിന്റെ 'ടേക്ക് എ ബ്രേക്ക്' പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കയാണ്;

(സി) വിനോദ സഞ്ചാരികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ ലഭിക്കുന്നത്;വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത പദ്ധതിയിൽ വിവിധ സാങ്കേതിക വിദ്യകൾ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ടൂറിസവും ക്ലീന്‍ കേരള പദ്ധതിയും</u>

1035 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, വി.പി.സജീന്ദ്രന്‍
,, പാലോട് രവി
,, എം.പി.വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്ലീന്‍ കേരള പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ശുചിയാക്കുന്നത്;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും തദ്ദേശ വാസികളുടെയും സഹകരണം പദ്ധതിക്കുവേണ്ടി പ്രയോജനപ്പെടുത്തുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ഉത്തരവാദിത്ത ടൂറിസം പദ്ധതി</u>

1036 ശ്രീ. കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(സി) എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ആരുടെയെല്ലാം സഹകരണം തേടുന്നുണ്ട്; വിശദമാക്കുമോ;

(ഇ) തദ്ദേശവാസികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം പദ്ധതി നടത്തിപ്പിനായി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>അഡ്വഞ്ചർ ടൂറിസം പദ്ധതി</u>

1037 ശ്രീ. ജോസഫ് വാഴക്കൻ
'' സി.പി. മുഹമ്മദ്
'' എം. എ. വാഹീദ്
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡ്വഞ്ചർ ടൂറിസം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം ഏജൻസികളെ ആണ് സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് ഇതിനു വേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ടൂറിസം മേഖല നേരിടുന്ന വെല്ലുവിളികൾ</u>

1038 ശ്രീമതി കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ ടൂറിസം മേഖല പുതിയ വെല്ലുവിളികൾ നേരിടുന്നതായി കരുതുന്നുണ്ടോ; വിശദമാക്കുമോ;

(ബി) യൂറോപ്പിലെ സാമ്പത്തികമാന്ദ്യം സംസ്ഥാനത്തെ ടൂറിസം മേഖലയെ സാരമായി ബാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) 2011 നെ അപേക്ഷിച്ച് 2012 ൽ വിദേശ ടൂറിസ്റ്റുകളുടെ വരവിൽ ഗണ്യമായ കുറവുണ്ടായതായി കരുതുന്നുണ്ടോ;

(ഡി) 2011 ലും 2012 ലും വിദേശികളും ആഭ്യന്തര ടൂറിസ്റ്റുകളുമായി എത്ര പേർ സംസ്ഥാനം സന്ദർശിച്ചുവെന്ന് വിദേശികൾ, ആഭ്യന്തര ടൂറിസ്റ്റുകൾ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ; ആയതു വഴി എത്ര തുകയുടെ വരുമാനം ലഭിച്ചു;

(ഇ) ഇപ്പോഴുള്ള സുരക്ഷിതത്വ ഭീഷണി, പരിസര മലിനീകരണം, സഞ്ചാരി സൗഹൃദമല്ലാത്ത നിയമ വ്യവസ്ഥകൾ തുടങ്ങിയവയെല്ലാം ടൂറിസത്തിന് ദോഷം ചെയ്യുന്നതായി കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ടൂറിസം രംഗത്തെ പരമ്പരാഗത വിപണിയായ യൂറോപ്പ് കൈവിടുന്ന സാഹചര്യത്തിൽ ഏഷ്യയിലും, ലാറ്റിൻ അമേരിക്കയിലുമൊക്ക പുതിയ വിപണികൾ കണ്ടെത്തി ടൂറിസത്തിന് നേട്ടം കൈവരിക്കാൻ സാധിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കേരളത്തിലെത്തിയ ടൂറിസ്റ്റുകളെ സംബന്ധിച്ച കണക്കുവിവരം</u>

1039

ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെത്തിയ ടൂറിസ്റ്റുകളെ സംബന്ധിച്ച കണക്കുവിവരം ശേഖരിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തെ ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളെയും വരുമാനത്തെയും സംബന്ധിച്ച് വിശദമാക്കാമോ;

(സി) നടപ്പുവർഷം ഇതേവരെ മുൻവർഷത്തെ അപേക്ഷിച്ച് സ്വാഭാവിക വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>വിനോദസഞ്ചാരികളുടെ സുരക്ഷാ നടപടി</u>

1040 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു വിനോദസഞ്ചാര സീസണിൽ ഇതുവരെ എത്ര വിദേശ ടൂറിസ്റ്റുകൾ സംസ്ഥാനത്ത് എത്തിയെന്ന് വ്യക്തമാക്കുമോ; ഇത് മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതലോ, കുറവോയെന്നും അറിയിക്കുമോ;

(ബി) വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി എന്തെല്ലാം പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കൊല്ലം ജില്ലയിൽ ആലപ്പാടു്-ആയിരംതെങ്ങ് ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാനുള്ള പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര മേഖലയെ സാധിക്കുന്ന മാലിന്യ പ്രശ്നം</u>

1041 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പലസ്ഥലങ്ങളിലും മാലിന്യം കുന്നുകൂടി കിടക്കുന്നത് കാരണം വിദേശ, സ്വദേശ വിനോദസഞ്ചാരികളുടെ വരവിൽ കുറവുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഈയിനത്തിൽ ലഭിക്കുന്ന വരുമാനത്തിൽ എത്ര കുറവ് വന്നിട്ടുണ്ട്;

(സി) പ്രസ്തുത കുറവ് പരിഹരിക്കാൻ മാലിന്യ നിർമ്മാർജ്ജനത്തിന് ബന്ധപ്പെട്ട വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

ഗസ്റ്റ് ഹൗസുകളുടെ പ്രവര്‍ത്തനം സംബന്ധിച്ച വിലയിരുത്തല്‍

1042 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഗസ്റ്റ് ഹൗസുകളുടെ പ്രവര്‍ത്തനം സംബന്ധിച്ച് ഏറ്റവുമൊടുവില്‍ വിലയിരുത്തിയത് എപ്പോഴാണ്; വിശദമാക്കുമോ;

(ബി) ഓരോ ഗസ്റ്റ് ഹൗസിലും വാടകയ്ക്കു നല്‍കാന്‍ സാദ്ധ്യമായ റൂമുകളുടെ എണ്ണവും, റൂമുകളുടെ ഉപയോഗത്തിന്റെ ശതമാനവും മുന്‍വര്‍ഷം എത്രയായിരുന്നു; നടപ്പുവര്‍ഷം നാളിതുവരെ എത്രയായിരുന്നു;

(സി) ഗസ്റ്റ് ഹൗസ് വഴിയുള്ള വരുമാനം സംബന്ധിച്ച മുന്‍വര്‍ഷത്തെയും ഈ വര്‍ഷത്തെയും സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

ടൂറിസ്റ്റ് സെന്ററുകളുടെ വികസനത്തിനായി
കേന്ദ്ര സർക്കാരിന്റെ ധനസഹായം

1043 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ടൂറിസ്റ്റ് സെന്ററുകളുടെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) തീർത്ഥാടന കേന്ദ്രങ്ങളെയും ടൂറിസ്റ്റു കേന്ദ്രങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുവാനും, അവ വികസിപ്പിക്കുവാനും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ടൂറിസം വകുപ്പിലെ പദ്ധതി നിർവ്വഹണം-
കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക

1044 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിൽ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ഭാഗമായി നിർവ്വഹണം പൂർത്തിയാക്കിയ പദ്ധതികളിൽ കോൺട്രാക്ടർമാർക്കും, സ്ഥാപനങ്ങൾക്കും എന്ത് തുക കൊടുത്ത് തീർക്കാൻ ബാക്കി നില്പുണ്ട് ;

(ബി) മാർക്കറ്റിംങ്ങ്, പരസ്യം പർച്ചേയ്സ് തുടങ്ങി ഓരോ ഇനത്തിലും കൊടുത്തു തീർക്കാൻ ബാക്കി നില്പുള്ള തുക എത്ര ;

(സി) ഇവയ്ക്ക് എല്ലാമായി ബഡ്ജറ്റ് തുക എത്രയുണ്ട് ; ബഡ്ജറ്റിൽ പ്രൊവിഷൻ ഉണ്ടായിട്ടും ബില്ലുകൾ മാറിക്കൊടുക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കേരള ടൂറിസത്തിന്റെ മാർക്കറ്റിംഗിനായി ചെലവഴിച്ച തുക</u>

1045 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസത്തിന്റെ മാർക്കറ്റിംഗിനായി മുൻ വർഷവും ഈ വർഷവും ചെലവഴിച്ച തുക സംബന്ധിച്ച് വിശദമാക്കാമോ;

(ബി) മുൻ വർഷവും ഈ വർഷവും ഏതെല്ലാം വിദേശരാജ്യങ്ങളിലെ ഏതെല്ലാം റോഡ് ഷോകളിലും മാർട്ടുകളിലും മറ്റുമായി മന്ത്രിയും ഉദ്യോഗസ്ഥൻമാരും സന്ദർശനം നടത്തുകയുണ്ടായി; ഓരോ യാത്രയ്ക്കും ചെലവഴിച്ച തുക സംബന്ധിച്ച് വിശദമാക്കുമോ;

(സി) ടൂറിസം വകുപ്പ് സ്വദേശത്തും കേരളത്തിനു പുറത്ത് ഇൻഡ്യയിലും വിദേശത്തും പരസ്യം ഇനത്തിൽ കഴിഞ്ഞ രണ്ട് വർഷം ഇതുവരെ ചെലവഴിച്ച തുക സംബന്ധിച്ച് വിശദമാക്കുമോ; സർക്കാർ നേരിട്ടു കൊടുത്ത പരസ്യത്തുക എത്ര; ഏജൻസികൾ വഴി നൽകിയ പരസ്യത്തുക എത്രയെന്നു അറിയിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

വിനോദസഞ്ചാര വികസന കോർപ്പറേഷന്
വകയിരുത്തിയ പദ്ധതി-പദ്ധതിയേതര തുക

1046 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ബജറ്റിൽ വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ കീഴിൽ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും വകയിരുത്തിയ പദ്ധതി-പദ്ധതിയേതര തുകയും ഇതു വരെയുള്ള ചെലവു
വിവരപ്പട്ടികയും നൽകാമോ:

(ബി) 2012-13 വർഷം വിനോദസഞ്ചാര വികസന വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കെ. ടി. ഡി. സി. യുടെ സ്വകാര്യ പങ്കാളിത്ത പദ്ധതികൾ</u>

1047 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, വി. ശിവൻകുട്ടി
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പങ്കാളിത്തത്തോടെ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ കെ. ടി. ഡി. സി തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കെ. ടി. ഡി. സി. യുടെ ഏതെല്ലാം സ്ഥലത്ത്, ഏതെല്ലാം പദ്ധതികളിൽ, സ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്; മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ചുള്ള കെ. ടി. ഡി. സി. ചെയർമാന്റെ പ്രഖ്യാപനം സർക്കാരിന്റെ അറിവോടു കൂടിയാണോ; പ്രഖ്യാപിച്ച പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കെ. ടി. ഡി. സി ക്ക് അനുവദിച്ച തുക</u>

1048 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി കെ. ടി. ഡി. സി. യുടെ വികസന പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം പദ്ധതി വിഹിതമായി എത്ര തുക നീക്കിവെച്ചിരുന്നുവെന്നും, അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

കെ. ടി. ഡി. സി. യുടെ പ്രവര്‍ത്തനം

1049

## ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ. ടി. ഡി. സി. യുടെ ലാഭനഷ്ടകണക്കുകള്‍ സംബന്ധിച്ച കഴിഞ്ഞ പത്തുവര്‍ഷത്തെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ; നടപ്പുവര്‍ഷം കെ. ടി. ഡി. സി. യുടെ ഏതെല്ലാം യൂണിറ്റുകള്‍ നഷ്ടത്തിലാണ്; ലാഭത്തിലുള്ളവ ഏതൊക്കെ;

(ബി) കെ. ടി. ഡി. സി. യുടെ ഏതെല്ലാം യൂണിറ്റുകളില്‍ അടിസ്ഥാന സൗകര്യം വര്‍ദ്ധിപ്പിക്കാന്‍ നടപടികള്‍ എടുക്കുകയുണ്ടായി; വിശദമാക്കുമോ;

(സി) കെ. ടി. ഡി. സി. മാര്‍ക്കറ്റിംഗിനായി നടത്തിവരുന്ന ശ്രമങ്ങള്‍ വിശദമാക്കാമോ; ഏതെല്ലാം സ്വകാര്യസ്ഥാപനങ്ങളുമായി ഏതെല്ലാം കരാറുകളില്‍ ഏര്‍പ്പെട്ടിട്ടുണ്ട്;

(ഡി) കെ. ടി. ഡി. സി. യുടെ ഏതെല്ലാം ഹോട്ടലുകള്‍ മെയിന്റനന്‍സിന്റെ പേരില്‍ അടച്ചിടുകയുണ്ടായി; എത്ര കാലത്തേയ്ക്ക്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>കൊല്ലം പ്രസിഡന്റ്സ് ട്രോഫി വള്ളം കളി</u>

1050 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് നടന്ന പ്രസിഡന്റ്സ് ട്രോഫി വള്ളം കളിയുടെ കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജലോത്സവവുമായി ബന്ധപ്പെട്ട് ആകെ ലഭിച്ച വരവ്, ചെലവായ തുക , മിച്ചം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ആക്കുളത്തെ കണ്‍വെന്‍ഷന്‍ കോംപ്ലക്സ്</u>
<u>ആന്റ് എക്സ്പോ സെന്റര്‍</u>

1051

## ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആക്കുളത്ത് കണ്‍വെന്‍ഷന്‍ കോംപ്ലക്സ് ആന്റ് എക്സ്പോ സെന്റര്‍ സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണ്; ഇതിനായി ഭരണാനുമതി നല്‍കിയത് എന്നാണ്; എത്ര ഭൂമി ലഭ്യമാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത കേന്ദ്രം എന്തെല്ലാം സൗകര്യങ്ങളോട് കൂടിയതായിരിക്കും; സര്‍ക്കാരിന്റെ പങ്കാളിത്തം എത്ര ശതമാനം;

(സി) നിര്‍മ്മാണം ഇപ്പോള്‍ ഏത് ഘട്ടത്തിലാണ്; പദ്ധതിയ്ക്ക് എന്തെല്ലാം അനുമതികള്‍ ഇനിയും ലഭ്യമാക്കേണ്ടതായിട്ടുണ്ട് ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ബേക്കൽ കൾച്ചറൽ സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി</u>

1052 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ കൾച്ചറൽ സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുകയാണ് അനുവദിച്ചിട്ടുളളത്; ഭരണാനുമതി നൽകിക്കൊണ്ടുളള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

വയനാട് ജില്ലയിലെ ക്ലീൻ ഡസ്റ്റിനേഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി

1053 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ലീൻ ഡസ്റ്റിനേഷൻ പദ്ധതിയുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ വയനാട് ജില്ലയിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) വില്ലേജ് ടൂറിസം പദ്ധതിയുടെ വയനാട് ജില്ലയിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം കൽപ്പറ്റ മണ്ഡലത്തിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>2012-13 വർഷത്തിൽ ടൂറിസം വികസന പദ്ധതികൾക്കായി കൊല്ലം ജില്ലയിൽ അനുവദിച്ച തുക</u>

1054 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ ടൂറിസം വികസന പദ്ധതികൾക്കായി കൊല്ലം ജില്ലയിൽ ഏതൊക്കെ പദ്ധതികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര തുകയാണ് അനുവദിക്കപ്പെട്ടതെന്നും ഇതിൽ എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

പീച്ചി, ഇലഞ്ഞിക്കുളം ടൂറിസം വികസനം

1055

ശ്രീ. എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ പീച്ചി ടൂറിസം വികസനം ഏതു ഘട്ടത്തിലാണ്;

(ബി) തൃശൂർ ഡി. റ്റി. പി. സി. യുടെ ഇലഞ്ഞിക്കുളം നവീകരണ പദ്ധതി ഏതു ഘട്ടത്തിലാണ് ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ആദിച്ചനെല്ലൂർ പരവൂർ തെക്കുംഭാഗം എന്നീ സ്ഥലങ്ങളിലെ ടൂറിസം സാദ്ധ്യത പരിശോധിക്കാൻ നടപടി</u>

1056 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ പരവൂർ തെക്കുംഭാഗം എന്നീ സ്ഥലങ്ങളിലെ ടൂറിസം സാദ്ധ്യത പരിശോധിച്ചു നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ ആറുമാസമായിട്ടും ബന്ധപ്പെട്ടവർ നടപടികൾ സ്വീകരിക്കുവാൻ കാലതാമസം വരുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; കാലതാമസം ഒഴിവാക്കി പദ്ധതി ആരംഭിക്കുന്നതിന് സന്നദ്ധമാകുമോയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

അന്ധകാരനഴി, അർത്തുങ്കൽ, തങ്കി
എന്നീ ബീച്ചുകളുടെ വികസനം

1057 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തലയിലെ സുപ്രധാനങ്ങളായ അന്ധകാരനഴി, അർത്തുങ്കൽ, തങ്കി എന്നീ തീരങ്ങളുടെ വിനോദസഞ്ചാര സാധ്യതകൾ പരിഗണിച്ച് പ്രസ്തുത മൂന്ന് ബീച്ചുകളുടെ വികസനത്തിനും സൗന്ദര്യവൽകരണത്തിനും ആവശ്യമായ തുക അനുവദിച്ചുനൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ'

(ബി) നിരവധിയാളുകൾ തീർത്ഥാടകരായും വിനോദസഞ്ചാരികളായും എത്തുന്ന അർത്തുങ്കൽ ബസലിക്കയുടെയും അർത്തുങ്കൽ ബീച്ചിന്റെയും വിനോദ സഞ്ചാര സാദ്ധ്യതകൾ കണക്കിലെടുത്ത് അർത്തുങ്കൽ ബീച്ച് നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചുനടപ്പിലാക്കുമോ;

(സി) അന്ധകാരനഴി ടൂറിസം വികസനത്തിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; അന്ധകാരനഴി കടൽ തീരത്തിന്റെ സൗന്ദര്യവൽകരണത്തിന് കൂടുതൽ സൗകര്യമൊരുക്കുന്നതിനും സുനാമി ഫണ്ട് അടക്കം വിനിയോഗിച്ച് മുമ്പ് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളും സൗകര്യങ്ങളും വിനിയോഗിക്കുന്നതിനും സംരക്ഷിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

കഠിനംകുളം ബാക്ക് വാട്ടർ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിലെ പുരോഗതി

1058 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഠിനംകുളം ബാക്ക് വാട്ടർ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പൂത്തിയാക്കി പൊതുജനത്തിന് എന്ന് സമർപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

അമ്പലപ്പുഴ കരുമാടിക്കുട്ടൻ വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസനം

1059 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലെ കരുമാടിക്കുട്ടൻ വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തു തുക അനുവദിച്ചുവെന്ന് അറിയിക്കുമോ;

(ബി) കരുമാടിക്കുട്ടൻ വിനോദസഞ്ചാര കേന്ദ്രത്തിന്റെ നവീകരണത്തിന് ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

കോട്ടയം ജില്ലയിലെ ചിറക്കുളം വിനോദസഞ്ചാര പദ്ധതി

1060 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കാണക്കാരി പഞ്ചായത്തിലെ ചിറക്കുളം വിനോദസഞ്ചാര പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ചിറക്കുളം വിനോദസഞ്ചാര പദ്ധതി സംബന്ധിച്ച് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ചിറക്കുളം ടൂറിസം പദ്ധതി സംബന്ധിച്ച് ഡി.ടി.പി.സിയ്ക്ക് എന്നാണ് ടൂറിസം ഡയറക്ടറേറ്റിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് നൽകിയത്; ആയതിന്റെ ഫയൽ നമ്പരും തീയതിയും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ഭൂതത്താൻകെട്ട് ടൂറിസം കേന്ദ്ര വികസനം</u>

1061 ശ്രീ. റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ഭൂതത്താൻകെട്ട് ടൂറിസം കേന്ദ്രത്തിൽ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ വികസനപ്രവർത്തനങ്ങൾക്ക് നടപടികൾഉണ്ടാകുമോ;വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ ടൂറിസം കേന്ദ്രത്തിൽ ബോട്ടിംഗ്, ഗൈഡ്, പോലീസ് എയ്ഡ് പോസ്റ്റ് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

സരയൂ ടൂറിസം പദ്ധതിയ്ക്കുള്ള തടസ്സം നീക്കാൻ നടപടി

1062 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും
വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ സരയൂ ടൂറിസം പദ്ധതി പ്രവർത്തനത്തിൽ പുരാവസ്തു വകുപ്പിന്റെ തടസ്സം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുരാവസ്തു വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് അടിയന്തിരമായി സർക്കാർ ഇടപെടുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തടസ്സം നീക്കി നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ലോകനാർകാവ്, പയംകുറ്റിമല ടൂറിസം പദ്ധതി

1063 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ലോകനാർകാവ്, പയംകുറ്റിമല എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിക്ക് ആവശ്യമായ പ്രൊജക്ട് സമർപ്പിച്ചാൽ ധനസഹായം ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം പദ്ധതി സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തേണ്ടത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ബേപ്പൂർ കടലുണ്ടി ടൂറിസം പദ്ധതി</u>

1064 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലുണ്ടി പക്ഷിസങ്കേതം, കണ്ടൽവനങ്ങൾ കമ്മ്യൂണിറ്റി റിസർവ്വ് ബേപ്പൂർ ചാലിയം പുലിമുട്ടുകൾ എന്നിവയെ നിലവിലുള്ള ബേപ്പൂർ കടലുണ്ടി പ്രദേശങ്ങളുമായി ബന്ധിപ്പിച്ചുള്ള പുതിയ ടൂറിസം പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ആറാം സീസൺ നടത്തിപ്പിന്റെ വരവ് ചെലവ് കണക്കുകൾ

1065 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ആറാം സീസൺ നടത്തിപ്പിന്റെ അംഗീകൃത ബഡ്ജറ്റിലെ വിശദാംശങ്ങളും സീസൺ കഴിഞ്ഞതിന് ശേഷമുളള വരവ് ചെലവ് കണക്കുകളും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ജി.കെ.എസ്.എഫ് സംഘടിപ്പിക്കുന്നതിന് ഏതെല്ലാം ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തുകയുണ്ടായി; ഓരോ ഏജൻസിക്കും സേവനങ്ങൾക്ക് നൽകിയ പ്രതിഫലം സംബന്ധിച്ച് വിശദമാക്കാമോ;

(സി) സർക്കാർ നൽകിയ തുകയ്ക്ക് പുറമെ ഏതെല്ലാം ഇനത്തിൽ എന്ത് തുക വീതം വരുമാനമാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തത്; യഥാർത്ഥത്തിൽ ലഭിച്ചത് എത്ര;

(ഡി) കേരളത്തിൽ ഏറ്റവും കൂടുതൽ സർക്കുലേഷനുളള ദിനപ്പത്രങ്ങൾക്ക് ഓരോന്നിനും നൽകിയ മൊത്തം പരസ്യത്തുക എത്ര വീതമാണ്; മറ്റ് ദിനപ്പത്രങ്ങൾക്കും ചാനലുകൾക്കും ഓരോന്നിനും നൽകിയ പരസ്യത്തുക എത്ര; കേരളത്തിന് പുറത്ത് പരസ്യം നൽകുന്നതിന് ചെലവായ പരസ്യത്തുക എത്രയെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ - വരവ് ചെലവ് കണക്കുകൾ

1066

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തന്നാണ്ടിലെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിന് അനുവദിച്ച വിഹിതത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം ഹെഡ്ഡുകളിൽ എന്തു തുക വീതം ചെലവ് പ്രതീക്ഷിച്ചിരുന്നു; വിശദമാക്കാമോ; പ്രതീക്ഷിച്ച വരവ് ഏതെല്ലാം ഇനത്തിൽ എത്ര വീതമായിരുന്നു;

(സി) അന്തിമമായ കണക്കുകൾ പ്രകാരം ഏതെല്ലാം ഹെഡ്ഡുകളിൽ എന്തു തുക വീതം ചെലവാക്കുകയുണ്ടായി; അധികച്ചെലവ് നേരിട്ട ഇനങ്ങൾ ഏതൊക്കെയായിരുന്നു; മൊത്തം ചെലവിൽ പരസ്യങ്ങൾ നൽകുന്നതിനും, സമ്മാനങ്ങൾ നൽകുന്നതിനും, ഈവന്റ് മാനേജ്മെന്റ് സ്ഥാപനങ്ങൾക്കും പരസ്യകമ്പനികൾക്കും വേണ്ടി ചെലവായ തുക എത്ര;

(ഡി) ഏതെല്ലാം ഇനത്തിൽ എന്തു തുക വരവുണ്ടായി;

(ഇ) വരവ് ചെലവ് കണക്കുകളുടെ വിശദമായ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ഷോപ്പിംഗ് ഫെസ്റ്റിവലിൽ കരകൗശല സമ്മാനം നല്കാനായി വാങ്ങിയ കരകൗശല ഉല്പന്നങ്ങൾ

1067 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ആറാം സീസണിൽ സമ്മാനങ്ങളായി കരകൗശല ഉല്പന്നങ്ങൾ നൽകുമെന്ന് ബഹു. ടൂറിസം വകുപ്പ്മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ ;

(ബി) എങ്കിൽ ആറാം സീസണിൽ സമ്മാനം നൽകുന്നതിനായി ജി.കെ.എസ്.എഫ്. എത്ര തുകയുടെ കരകൗശല ഉല്പന്നങ്ങൾ വാങ്ങുകയുണ്ടായെന്നും അവ എവിടെ നിന്നെല്ലാമായിരുന്നുവെന്നും വിശദമാക്കാമോ ;

(സി) ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ക്രാഫ്റ്റ് വില്ലേജിൽ ഉല്പാദിപ്പിച്ച എത്ര തുകയുടെ കരകൗശല ഉല്പന്നങ്ങൾ വാങ്ങുകയുണ്ടായി എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ബി. ആർ. ഡി. സി. ഓഫീസ് തിരുവനന്തപുരത്തേയ്ക്ക് മാറ്റുന്ന തീരുമാനം</u>

1068 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും
**വിനോദസഞ്ചാരവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബി. ആർ. ഡി. സി. ഓഫീസ് നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത ഓഫീസ് തിരുവനന്തപുരത്തേയ്ക്ക് വീണ്ടും മാറ്റുന്നതിന് ബി. ആർ. ഡി. സി. ഗവേണിംഗ് ബോഡി തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) എങ്കിൽ തീരുമാനം ഉൾക്കൊള്ളുന്ന മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പദ്ധതി പ്രദേശത്തുനിന്നും മാറ്റി ഓഫീസ് തിരുവനന്തപുരത്ത് പ്രവർത്തിപ്പിക്കുവാനുള്ള തീരുമാനം ഗവേണിംഗ് ബോഡി എടുക്കാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

ബി. ആർ. ഡി. സി. ക്കു വേണ്ടി സംസ്ഥാന സർക്കാർ അക്വയർ ചെയ്ത ഭൂമി

1069 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. ആർ. ഡി. സി. ക്കു വേണ്ടി സംസ്ഥാന സർക്കാർ ആകെ എത്ര ഏക്കർ ഭൂമിയാണ് അക്വയർ ചെയ്തിട്ടുള്ളത്; ആകെ എത്ര ഏക്കർ സർക്കാർ ഭൂമിയാണ് നീക്കിവെച്ചിട്ടുള്ളത്;

(ബി) ഇതിൽനിന്നും വിവിധ റിസോർട്ടുകൾക്കായി ആകെ എത്ര ഏക്കർ ഭൂമിവീതമാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഏതെല്ലാം റിസോർട്ടുകളാണ് അനുവദിച്ച ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതെന്നും ഏതെല്ലാം പണിപൂർത്തിയാക്കിയെന്നും വെളിപ്പെടുത്താമോ;

(ഡി) എത്ര തുകയാണ് പാട്ടം വകയിൽ സർക്കാരിന് ലഭിക്കേണ്ടതെന്നും നിലവിൽ എത്ര തുക കുടിശ്ശികയുണ്ടെന്നും അത് ഏതെല്ലാം റിസോർട്ടുകളിൽനിന്നാണെന്നും അറിയിക്കാമോ;

(ഇ) ലീസിന് അനുവദിച്ചതിനേക്കാൾ ഭൂമി ഏതെങ്കിലും റിസോർട്ട് കൈവശം വയ്ക്കുന്നുണ്ടോയെന്നും എങ്കിൽ ഏതെല്ലാം റിസോർട്ടുകൾ എത്രവീതം ഭൂമി കൈവശം വയ്ക്കുന്നുണ്ടെന്നും അറിയിക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സീ പ്ലേയിൻ പദ്ധതി</u>

1070 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. ടൂറിസം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന സീപ്ലേയിൻ പദ്ധതിയുടെ വിശദമായ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കാനാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിപ്രകാരം പ്രതീക്ഷിക്കുന്ന ആകെ ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനെക്കുറിച്ചും റൂട്ടിനെക്കുറിച്ചുമുള്ള വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

സീ- പ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ

1071 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും

**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന ഗതാഗതകുരുക്കുകൾ ഒഴിവാക്കി യാത്രാസമയം കുറയ്ക്കുന്നതിനായി സീ- പ്ലെയിൻ സർവ്വീസുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(ബി) സീ- പ്ലെയിൻ സർവ്വീസുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സീ- പ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം,
2013 ജനുവരി 29.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.

□ം□ ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.